കേരള സർക്കാർ

# കറുകുറ്റി ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

| | |
|---|---|
| നം.കെ.എസ്.എ.ഇകെഎം(പി13)1521/2017 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം<br>സിവിൽ സ്റ്റേഷൻ,കാക്കനാട്-682030<br>ഫോൺ : 0484 – 2422271<br>email : doekm.ksad@kerala.gov.in |
| ഡെപ്യൂട്ടി ഡയറക്ടർ | തീയതി :18.09.2017 |

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കറുകുറ്റി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കറുകുറ്റി ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

| | |
|---|---|
| നം.കെ.എസ്.എ.ഇകെഎം(പി13)1521/2017 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം<br>സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030<br>ഫോൺ : 0484 – 2422271<br>email :doekm.ksad@kerala.gov.in |

| | |
|---|---|
| | തീയതി : 18.09.2017 |

# എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01/11/2016 മുതൽ 30/06/2017തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ധന്യാ ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.07.2017 മുതൽ 22.07.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പോളി.ടി.ഒ., ഓഡിറ്റ് ഓഫീസർ |
| | കവിതാദേവി.വി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ബെന്നി സെബാസ്റ്റ്യൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ഷാജു വി. തെക്കേക്കര | 01/4/2016 | 31/3/2017 |
| സെക്രട്ടറി | രാജൻ ബി. മേനോൻ | 01/4/2016 | 31/3/2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ആന്റണി എം. വട്ടോലി | 01/4/2016 | 31/3/2017 |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | എം.ഡി.വർഗീസ് | 01/4/2016 | 31/3/2017 |
| വെറ്ററനറി സർജ്ജൻ | ഡോ.ജോമോൻ ചെറിയാൻ | 01/4/2016 | 31/3/2017 |
| കൃഷി ഓഫീസർ | രാജി.എസ്. | 01/4/2016 | 31/3/2017 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ബിന്ദു | 01/4/2016 | 26/9/2016 |
| | ഡോ.എം.കെ.അദ്വൈത് | 26/9/2016 | 29/11/2016 |
| | ഡോ.അനുപമ വിജയൻ | 29/11/2016 | 21/12/2016 |
| | ഡോ.സൈറ സക്കറിയ | 21/12/2016 | 31/3/2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മേഴ്സി ഗോൺസാൽവസ് | 1/4/2016 | 19/1/2017 |
| | ഡോ.സിനി ഇഗ്നേഷ്യസ് | 23/1/2017 | 31/3/2017 |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.ബിനോ സേവ്യർ | 01/4/2016 | 31/3/2017 |
| വി.ഇ.ഒ. | ലതിക.എസ്.,കറുകുറ്റി സർക്കിൾ | 01/4/2016 | 31/3/2017 |
| | ജയൻ.കെ.എൻ.,എടക്കുന്ന്സർക്കിൾ | 01/4/2016 | 10/11/2016 |
| | ബിന്ദു.ആർ.,എടക്കുന്ന് സർക്കിൾ | 11/11/2016 | 31/3/2017 |
| ഐ.സി.ഡി.എസ് , സൂപ്പർവൈസർ | ശാന്തിനി എൻ.പി. | 01/4/2016 | 11/7/2016 |
| | ശ്രീമതി കെ.ജി. | 12/7/2016 | 31/3/2017 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | സജീവ് കുമാർ .പി.ആർ | 01/4/2016 | 5/7/2016 |
| | സന്തോഷ് രാജ് .എസ്. | 05/7/2016 | 31/3/2017 |

ഉള്ളടക്കം

| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം - 2 | |
| 11 | ബിൽഡിംഗ് പെർമിറ്റ്, വസ്തു നികുതി - അപാകത | 2-1 |
| 12 | തൊഴിൽ നികുതി പിരിവിൽ അപാകത – വരുമാന നഷ്ടം | 2-2 |

| | | |
|---|---|---|
| 13 | വാടക പിരിവിൽ അപാകത | 2-3 |
| | ഭാഗം - 3 | |
| 14 | കിണർനിർമ്മാണം-അധികനിരക്ക് നല്കി | 3-1 |
| 15 | കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടിലെ അപാകത | 3-2 |
| 16 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. | 3-3 |
| 17 | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ ചെലവ് രേഖകൾ ഹാജരാക്കിയില്ല – 34,60,877/- രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 18 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – തുക ഒടുക്കിയിട്ടും മരുന്ന് ലഭ്യമാക്കിയില്ല. | 3-5 |
| 19 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹിച്ച പ്രോജക്ടിലെ അപാകത | 3-6 |
| 20 | എളവൂർ സൊസൈറ്റി റോഡ് കാന നിർമാണം - അപാകതകൾ | 3-7 |
| | ഭാഗം - 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 30 | ഓഡിറ്റ് സാക്ഷ്യപത്രം - 2016-17 | അനുബന്ധം.1 |
| 31 | ബാലൻസ് ഷീറ്റ് - 2016-17 | അനുബന്ധം.2 |
| 32 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.3 |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17ലെ ബജറ്റ് 03.03.2016ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | അക്കൗണ്ടസ് പ്രകാരം |
|---|---|---|

| | | |
|---|---|---|
| വരവ് | 14,10,74,509 | 5,37,35,849 |
| ചെലവ് | 13,30,47,500 | 4,71,19,420 |

ഇ.എഫ്.എം.എസ്. മുഖേനയുള്ള 4.99 കോടി രൂപയുടെ ഇടപാടുകൾ വരവു ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവയുൾപ്പെടെയുള്ള കണക്കുകൾ പരിശോധിച്ചാലും ബജറ്റും വാർഷിക കണക്കും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റ് യാഥാർത്ഥ്യത്തിന് നിരക്കുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 30.06.2017 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | പരിശോധനാ വിവരം |
|---|---|---|
| 2016-17 | 20.07.2017 | അപാകതകൾ ഇല്ല. |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1,68,18,188.00 |
| വരവ് | 5,37,35,849.00 |
| ആകെ | 7,05,54,037.17 |
| ചെലവ് | 4,71,19,420.00 |
| നീക്കിബാക്കി | 2,34,34,617.17 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 72,33,553 | 72,33,553 | 72,33,553 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 37,24,617 | 37,24,617 | 37,24,617 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | --- | --- | --- | --- | --- |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 81,93,782 | 81,93,782 | 81,93,782 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 16,62,071 | 16,62,071 | 16,62,071 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 27,32,773 | 27,32,773 | 27,32,773 | 0 |
| ലോക ബാങ്ക് സഹായം | 0 | 19,85,122 | 19,85,122 | 19,85,122 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 511 | 1,28,40,756 | 1,28,41,267 | 1,28,39,846 | 1,421 |
| ബി ഫണ്ട് | 0 | 3,72,88,225 | 3,72,88,225 | 3,72,88,225 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 227 | 6,59,71,407 | 99 | 3,14,75,260 | 111 | 17 | 47.7% |

# 1-7 തനത് വരുമാനം.

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിൽ ചുവടെ വിവരിക്കുന്ന പ്രകാരം തൻവർഷം 44.88% വർദ്ധനയുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6415587 | 9319682 | 2904095 | + 45% |
| നികുതിയേതര വരവുകൾ | 1463246 | 1845395 | 382149 | + 26% |
| മറ്റുവരവുകൾ | 239310 | 596192 | 356882 | + 49% |
| ആകെ | 8118143 | 11761269 | 3643126 | + 45% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35040 | 33 |

| | | |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 3396230 | 1928 |
| വിധവാപെൻഷൻ | 11226140 | 1154 |
| വാർദ്ധക്യകാലപെൻഷൻ | 18603870 | 2376 |
| വികലാംഗപെൻഷൻ | 2983615 | 1527 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 819330 | 429 |
| വിവാഹ ധനസഹായം | 210000 | 5 |

സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.ടി.(ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) വഴിയാണ് നൽകി വരുന്നത്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.7.2017-ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6976/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.07.2017 | 6/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.09.2012 മുതൽ 22.09.2012 വരെ | 2007-08മുതൽ 2011-12 വരെ | 03.12.2012 |

.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിംഗ് പെർമിറ്റ്, വസ്തു നികുതി - അപാകത

താഴെ പറയുന്ന കെട്ടിടത്തിന്റെ പെർമിറ്റ് നൽകിയതിലും ഒക്കുപൻസി നൽകിയതിലും അപാകത കാണുന്നു.

| | |
|---|---|
| പെർമിറ്റ് നം. | B1 -134/13-14 |
| പേര് | പി.സി.ടോമി, ചാൾസ് ടോം, ബെഞ്ചമിൻ ടോമി |
| കെട്ടിടം | കൊമേഴ്സ്യൽ |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 1943.64 |

ഈ കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം പെർമിറ്റ് നൽകിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | പ്ലിന്ത് ഏരിയ(m2) | ഫ്ലോർ ഏരിയ ( m2) |
|---|---|---|
| സെല്ലാർ (വ്യവസായം) | 637.98 | 559.03 |
| ഗ്രൗണ്ട് ഫ്ലോർ (വ്യവസായം) | 637.98 | 559.03 |
| ഫസ്റ്റ് ഫ്ലോർ (വ്യവസായം) | 637.98 | 559.03 |
| ഹെഡ് റൂം | 43.39 | 23.76 |
| ആകെ | 1957.33 | 1700.85 |

ഇപ്രകാരം ആകെ 1957.33 എം2 കെട്ടിടം പണിയുന്നതിന് പെർമിറ്റ് നല്കിയിരുന്നു. കാർ പാർക്കിംഗ് കെട്ടിടത്തിന് വെളിയിലാണ് കാണിച്ചിരുന്നത്.
കംപ്ലീറ്റഡ് പ്ലാൻ പ്രകാരം തൻവർഷം ഒക്കുപൻസി നല്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| സെല്ലാർ | 499.68(പാർക്കിംഗ്) |
| ഗ്രൌണ്ട് ഫ്ലോർ | 545.79(പാർക്കിംഗ്) |
| ഫസ്റ്റ് ഫ്ലോർ | 637.98 |

ഇപ്രകാരം സെല്ലാർ, ഗ്രൗണ്ട് ഫ്ലോർ എന്നിവ പാർക്കിംഗ് ആയി കാണിച്ച് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഫസ്റ്റ് ഫ്ലോർ മാത്രമാണ് നമ്പർ ഇട്ട് നികുതി ഈടാക്കിയിത്.

ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1. ഈ കെട്ടിടം നേരിൽ കണ്ട് പരിശോധിച്ചതിൽ പെർമിറ്റ് നല്കിയ സെല്ലാർ, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവ കൂടാതെ സെക്കന്റ് ഫ്ലോർ കൂടി ഭാഗികമായി പണിതിട്ടുണ്ട്. എന്നാൽ സെക്കന്റ് ഫ്ലോർ പണിയുന്നതിന് പെർമിറ്റ് എടുത്തിട്ടില്ല.
2. ഈ കെട്ടിടത്തിന്റെ പണികൾ ഒന്നും പൂർത്തിയായിട്ടില്ല. പണികൾ പൂർത്തിയാകാതെയാണ് ഒക്കുപൻസി നൽകിയത്. ഫസ്റ്റ് ഫ്ലോർ മുഴുവൻ ഷട്ടർ ഇട്ട് ക്ലോസ് ചെയ്തിട്ടില്ല. പണികൾ എല്ലാം പൂർത്തിയായതിനു ശേഷം മാത്രമേ ഒക്കുപൻസി നൽകാമായിരുന്നുള്ളൂ .
3. സെല്ലാർ, ഗ്രൗണ്ട് ഫ്ലോർ എന്നിവ പെർമിറ്റ് പ്ലാൻ പ്രകാരം വ്യവസായ ആവശ്യത്തിനായാണ് നൽകിയത്. എന്നാൽ ഒക്കുപൻസി നൽകിയപ്പോൾ ഇവ കാർ പാർക്കിംഗ് ആയി കാണിച്ച് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കെട്ടിടത്തിന്റെ മുകൾ നില പെർമിറ്റ് വാങ്ങാതെയാണ് പണിതത് എന്നും ഇപ്പോൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഒക്കുപൻസി നൽകിയ ഫസ്റ്റ് ഫ്ലോർ അടിയന്തിരമായി പൂർത്തിയാക്കുന്നതിനും ഷട്ടർ ഇട്ട് ക്ലോസ് ചെയ്യുന്നിതിനും നിർദേശം നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

നിയമാനുസൃതം നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പിരിവിൽ അപാകത - വരുമാന നഷ്ടം.

2016-17 ഓഡിറ്റ് വർഷം കറുകുറ്റി ഗ്രാമപഞ്ചായത്തിൽ താഴെ പറയും പ്രകാരം 2 സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല :-

ഓഡിറ്റ് വർഷം സജി വടക്കേക്കര, വടക്കേക്കര വീട്, മങ്ങാട്ടൂർ, കോലഞ്ചേരി എന്നയാൾക്ക് 8-ാം വാർഡിൽ ഡി&ഒ അപേക്ഷ നം.37, 38, 39 പ്രകാരം മൂന്ന ക്വാറികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഇദ്ദേഹത്തിന്റ ഡി&ഒ അപേക്ഷ നം.37 പ്രകാരമുള്ള ക്വാറിക്ക മാത്രമേ സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 2,500/- രൂപ അടവാക്കിയിട്ടുള്ളൂ. ലൈസൻസ് നൽകിയ ഡി&ഒ അപേക്ഷ നം.38, 39 എന്നിവ പ്രകാരമുള്ള ക്വാറികളിൽ നിന്നും 2016-17 വർഷത്തേയ്ക്കുള്ള സ്ഥാപന തൊഴിൽ നികുതി 5,000/- രൂപ ഇദ്ദേഹത്തിൽനിന്നും ഈടാക്കേണ്ടതാണ്.

.

## 2-3 വാടക പിരിവിൽ അപാകത

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ വാടക പിരിവുമായി ബന്ധപ്പെട്ട് വൻതുക കുടിശ്ശികയായി നിലനിൽക്കുന്നു. പഞ്ചായത്തിൽ പത്ത് ഇൻഡസ്ട്രിയൽ പ്ലോട്ടുകൾ ആറ്റപ്പാടം വനിതാ വ്യവസായ കേന്ദ്രത്തിലും, പാറക്കൂട്ടം മിനി വ്യവസായ വികസന പ്ലോട്ടിലുമായി വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ ഇൻഡസ്ട്രിയൽ പ്ലോട്ട് 2 വാടകയ്ക്കായി നൽകിയിരിക്കുന്നത് പി.ഒ. വർഗീസ്, പുതുവ മാടശ്ശേരി, മൂക്കന്നൂർ എന്നയാൾക്കാണ്. ഇദ്ദേഹം 2015-16 ഓഡിറ്റ് വർഷം വരെ 20,904/-രൂപ വാടകയിനത്തിൽ കുടിശ്ശികയായി പഞ്ചായത്തിൽ അടവാക്കാനുണ്ട്. 2016-17 വർഷം മാസം 1,830/-രൂപ പ്രകാരം 12 മാസത്തെ വാടക കുടിശ്ശികയായി 21,960/-രൂപയും അടവാക്കാനുണ്ട്. ആകെ വാടക കുടിശ്ശികയായി ഓഡിറ്റ് വർഷം വരെ ഇദ്ദേഹം 42,864/-രൂപ നൽകാനുണ്ടായിട്ടും കുടിശ്ശിക തീർക്കാതെ ഇദ്ദേഹം 2017-18 സാമ്പത്തിക വർഷവും പ്രസ്തുത പ്ലോട്ട് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. വ്യവസായ പ്ലോട്ടുകൾ പഞ്ചായത്ത് വാടകയ്ക്ക് നൽകുന്നത് 09.07.2010-ലെ പഞ്ചായത്ത് കമ്മിറ്റി 1(2) തീരുമാന പ്രകാരം പാസ്സാക്കിയ ബൈലോ പ്രകാരമാണ്. ഈ ബൈലോയ്ക്ക് സർക്കാർ ഉത്തരവ് (സാധാ) നം.4001/2010 ത.സ്വ.ഭ.വ. തീയതി 23.12.2010-ന്റെ സാധൂകരണവുമുണ്ട്. ടി.ബൈലോ 19-ാം ഖണ്ഡികയിൽ വാടക കുടിശ്ശിക ഉണ്ടായാൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പറയുന്നുണ്ട്. ഇതുപ്രകാരം വാടക എല്ലാമാസവും അഞ്ചാം തീയതിക്കു മുമ്പായി മുൻകൂറായി പഞ്ചായത്തിൽ അടവാക്കേണ്ടതും, വീഴ്ച വരുത്തിയാൽ നിയമാനുസൃതമായ പലിശ വാടകക്കാരനിൽനിന്നും ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. തുടർച്ചയായി 3 മാസത്തെ വാടക കുടിശിക വരുത്തിയാൽ ടി പ്ലോട്ടിനുള്ള അവകാശം വാടകക്കാരന് നഷ്ടപ്പെടുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു.വാടകയുമായി ബന്ധപ്പെട്ട് ഇപ്രകാരം വ്യവസ്ഥകൾ നിലനിൽക്കെ, വലിയ തുകയ്ക്ക് വാടക കുടിശ്ശികയുള്ള വ്യക്തിയ്ക്ക് 2017-18 വർഷവും പ്ലോട്ട് വാടകയ്ക്കായി നൽകിയിരിക്കുന്നു. ടിയാനിൽ നിന്നും പലിശ സഹിതം വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കേണ്ടതും ബൈലോയിലെ വ്യവസ്ഥകളനുസരിച്ച് വർഷങ്ങളായി വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയ ടിയാനെ ഒഴിവാക്കി പ്ലോട്ട് പുനർലേലം ചെയ്ത് നൽകേണ്ടതുമാണ്. വിഷയത്തിൽ ഭരണ സമിതിയുടെയും ഭരണവകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കിണർനിർമ്മാണം - അധികനിരക്ക് നല്കി

കറുകുറ്റി ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടപ്പാക്കിയ കിണർനിർമ്മാണം (എസ്.സി) എന്ന പദ്ധതിയിൽ കിണർനിർമ്മാണത്തിന് അധികനിരക്ക് നൽകി.

| | |
|---|---|
| പദ്ധതിയുടെ പേര് | കിണർനിർമമാണം (എസ്.സി) |
| നംപർ | 191/17 |

| | |
|---|---|
| അടങ്കൽ | 70000 |
| ചെലവ് | 52500 |
| ബിൽനംപർ | 5/16-17- 20.03.17, 16/16-17 -30.03.17 |

11.01.2016ലെ സബ്സിഡി മാർഗ്ഗരേഖ [ജി.ഒ. (എം.എസ്.)4/16/തസ്വഭവ] പ്രകാരം ഈ പ്രൊജക്ടിൽ ഒരു ഗുണഭോക്താവിന് അനുവദിയ്ക്കാവുന്ന പരമാവധി തുക 17,000/- രൂപയാണ്. എന്നാൽ 17,500/- രൂപ വീതം മൂന്ന് ഗുണഭോക്താക്കൾക്ക് നൽകിയതുമൂലം 1500 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ഈ അധികച്ചെലവ് ഓഡിററിൽ അംഗീകരിയ്ക്കുന്നില്ല.

ഈ വിഷയത്തിന് ഓഡിറ്റ് എൻക്വയറി (നം.2) നൽകിയതിന് ലഭിച്ച മറുപടിയിൽ ജലസേചന കിണറിനുള്ള സബ്സിഡി നിരക്കാണ് അനുവദിച്ചത് എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്, കുടിവെള്ള കിണർ നിർമ്മാണമാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-2 കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടിലെ അപാകത

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

വാഴകൃഷിയ്ക്ക് സബ്സിഡി മാർഗ്ഗ രേഖ പ്രകാരം 75% ആനുകൂല്ല്യമേ അനുവദിക്കാവൂ. ഇപ്രകാരം ഒരു ഗുണഭോക്താവിന് അനുവദനീയമായ പരമാവധി തുക 2500/-രൂപ മാത്രമാണ്. മാത്രമല്ല തുക റൊക്കം പണമായി നൽകാനും പാടില്ല. എന്നാൽ കൃഷി ഓഫീസർ ഈ പദ്ധതി നിർവ്വഹിച്ചപ്പോൾ ഗുണഭോക്താക്കൾക്ക് പണം റൊക്കമായി നൽകുകയും ചില ഗുണഭോക്താക്കൾക്ക് കൂടുതൽ തുക നൽകുകയും ചെയ്തു. വിശദവിവരം താഴെകൊടുക്കുന്നു. (ബിൽനം.KTY 4/2016/17തിയ്യതി 30.3.2017 /ബിൽനം.KTY 8/2016/17 തീയതി 30.3.2017)

.

| ക്രമനം. | ഗുണഭോക്താവ് | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|
| 1 | പൗലോസ് കാച്ചപ്പിള്ളി | 5000 | 2500 |
| 2 | പൗലോസ് ഔപ്പാടൻ | 5000 | 2500 |
| 3 | സജികുമാർ ചെറുവള്ളിപ്പാടി | 5000 | 2500 |
| 4 | സാജു പാറേക്കാട്ടിൽ | 3500 | 1000 |
| 5 | ഏല്ല്യക്കുട്ടി പാലാട്ടി | 3000 | 500 |
| 6 | തോമസ്ചക്യേത്ത് | 3000 | 500 |
| 7 | ജോബി ജോസ് ഇഞ്ചിപ്പറമ്പൻ | 3000 | 500 |
| 8 | തോമസ് പള്ളിപ്പാടൻ | 4000 | 1500 |
| ആകെ | | | 11500 |

അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കേണ്ടതാണ്. (ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.7ന് മറുപടി ഹാജരാക്കിയിട്ടില്ല).

# 3-3 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. പ്രോക്ടുകളുടെ വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | പ്രോക്ടുകളുടെ പേര് /പ്രോ.നം. | അടങ്കൽ | ചെലവ് | വിഭാഗം |
|---|---|---|---|---|
| 1 | SSA വിഹിതം അടവാക്കൽ S003/17 | 5,47,220 | 5,47,220 | ജനറൽ |
| 2 | IKMവിഹിതം അടവാക്കൽ S0173/17 | 45,878 | 45,878 | ജനറൽ |
| 3 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ S0232/17 | 5,52,590 | 5,52,590 | ജനറൽ |
| 4 | പൈപ്പ് ലൈൻഎക്സ്റ്റൻഷൻ S0232/17 | 2,43,287 | 1,71,997 | ധനകാര്യ കമ്മീഷൻഗ്രാന്റ് |
| 5 | കുഴൽ കിണർ നിർമ്മാണം S0232/17 | 5,250 | 5,250 | ജനറൽ |
| ആകെ | | | 13,22,935 | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്താൽ ചെലവ് തുകയായ 13,22,935/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

.

# 3-4 ഐ.സി.ഡി.എസ്. സൂപ്പർ വൈസർ ചെലവ് രേഖകൾ ഹാജരാക്കിയില്ല - 34,60,877/- രൂപ തടസ്സപ്പെടുത്തുന്നു

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം ഐ.സി.ഡി.എസ്. സൂപ്പർ വൈസർ ചെലവു ചെയ്ത 34,60,877/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10ന് മറുപടി ലഭിച്ചില്ല. (അന്വേഷണത്തിൽ ടിയാളെ സുഖമില്ലാതെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകായണെന്ന് അറിയുവാൻ കഴിഞ്ഞു.)

# 3-5 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - തുക ഒടുക്കിയിട്ടും മരുന്ന് ലഭ്യമാക്കിയില്ല.

കറുകുറ്റി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയിൽ 2016-17സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച പ്രോജക്ടാണ് ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ. പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0118/17 |
| അടങ്കൽ | 1,00,000/- |

| | |
|---|---|
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം |
| ചെലവ് | 1,00,000/- |
| ചെലവ് രേഖ | ബിൽ നം.1/2016-17 തീയതി 17.01.2017<br>ഡി.ഡി.നം. 051709 തീയതി 17.01.2017 |

മേൽപ്പറഞ്ഞ വിധത്തിൽ 1,00,000/- രൂപയുടെ ഡി.ഡി. കേരള സ്റ്റേറ്റ് ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് ആലപ്പുഴയ്ക്ക് നൽകിയെങ്കിലും 6 മാസത്തിന് ശേഷവും മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാകാത്തതിനാൽ ചെലവ് തുക 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) നിർവ്വഹിച്ച പ്രോജക്ടിലെ അപാകത

കറുകുറ്റി ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹിച്ച പ്രോജക്ടാണ് ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ. 5,00,000/- രൂപയ്ക്കുള്ള മരുന്ന് വാങ്ങി അതിന്റെ വില ഔഷധിയിൽ നല്കലാണ് പ്രോജക്ട്. പ്രോജക്ട് സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുഷ് P.H.C കറുകുറ്റി ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ |
| പ്രോജക്ടിന്റെനം. | S027/17 |
| അടങ്കൽ | 5,00,000/-രൂപ |
| ചെലവ് | 5,00,000/-രൂപ |
| ചെലവ് രേഖ | ബിൽനം.1/16-17 തുക 500000/-തീ.24/11/2016<br>ഡി.ഡി.നം.148704 തുക 500000/-തീ.28/12/2016(ഔഷധി) |
| വിഭാഗം | മെയിന്റനൻസ് ഫണ്ട് റോഡിതരം |

1) ഗവർമെന്റ് ഉത്തരവ് (M.S)നം.71/2008ത.സ്വ.ഭ.വ.തീയ്യതി 12/3/2008 പ്രകാരം സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ നിന്നും അലോപ്പതി / ആയുർവ്വേദ ആശുപത്രികളിലേയ്ക്ക് മരുന്നുകൾ വാങ്ങുമ്പോൾ ഫണ്ടിനത്തിൽ ലഭ്യമായ തുകയുടെ 10% മാത്രമേ ഉപയോഗിക്കാവൂ എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്യുന്നുണ്ട്. 2016-17 ഓഡിറ്റ് വർഷം സംരക്ഷണഗ്രാന്റ് റോഡിതരത്തിൽ പഞ്ചായത്തിന് ആകെ ലഭിച്ചത് 1662071/-രൂപയാണ്. ഇതിന്റെ 10% എന്നത് 1,06,207/-രൂപ മാത്രമാണ്. ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങാൻ ചെലവഴിച്ചതാകട്ടെ 5,00,000/-രൂപയും. പദ്ധതി രൂപീകരണ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 3,33,793/-രൂപ കൂടുതലായി ചെലവഴിച്ചതിന്റെ കാരണം പഞ്ചായത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കേണ്ടതാണ്.

2) 2016-17 സാമ്പത്തിക വർഷം ഔഷധിയിൽ നിന്നും മരുന്ന വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ 5,00,000/- രൂപ നൽകിയെങ്കിലും സാമ്പത്തിക വർഷം അവസാനിച്ചിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.മരുന്നുകൾ ലഭ്യമായ വിവരം താഴെ കൊടുക്കുന്നു.

| മരുന്നുകൾ ലഭ്യമായ തീയതി | ബിൽ നം. | തുക |
|---|---|---|
| 21.2.2017 | 3794തീയതി31.1.2017 | 181501 |
| 19.4.2017 | 5032തീയതി31.3.2017 | 136359 |
| 08.7.2017 | 3964തീയതി30.6.2017 | 65532 |

| | | |
|---|---|---|
| ആകെ ലഭ്യമായ മരുന്നുകൾ | | 383392 |
| ബാക്കി ലഭിക്കാനുള്ളത് | | 116608 |
| 2016-17 സാമ്പത്തിക വർഷം ലഭ്യമാകാനുള്ള മരുന്ന് | | 500000-181501=318499 |

13160/ ഡി.എ -1/2010 ത.സ്വ.ഭ.വ 28/11/2010 സർക്കുലർ പ്രകാരം ഔഷധിയിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മരുന്നു വാങ്ങുമ്പോൾ മുൻകൂർ നൽകി 60 ദിവസങ്ങൾക്കുള്ളിൽ മരുന്നു ലഭ്യമാക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്ത പക്ഷം ഔഷധി നഷ്ട പരിഹാരം നൽകണമെന്നും സർക്കുലറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. നഷ്ട പരിഹാരം ഔഷധിയിൽ നിന്നും ലഭിക്കാൻ പാകത്തിന് മുൻ കൂർ നൽകുമ്പോൾ മെഡിക്കൽ ഓഫീസർ ഔഷധിയുമായി കരാർ ചമയ്ക്കണമെന്നും സർക്കുലറിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം ഒരു കരാർ മെഡിക്കൽ ഓഫീസർ ചമയ്ക്കാതിരുന്നതിനാൽ 3,18,499/- രൂപയുടെ മരുന്നു ലഭ്യമാക്കാത്തതിന് ഔഷധിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് സാധിക്കാതെവന്നു. ഭാവിയിൽ ഇപ്രകാരമുള്ള അപാകത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതു വരെ 3,18,499/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-7 എളവൂർ സൊസൈറ്റി റോഡ് കാന നിർമാണം - ആപാകതകൾ

| | |
|---|---|
| കരാറുകാരൻ | ബൈജു ബേബി |
| എം. ബുക്ക് | 83/15-16 |
| അടങ്കൽ | 10,00,000/- |
| ടെന്റർ വ്യതിയാനം | എസ്റ്റിമേറ്റ് നിരക്ക് |
| എം ബുക്ക് പ്രകാരമുള്ള വാല്യു | 88,864/- രൂപ |
| ബിൽ നം. | 30/16-17- 26-12-16 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 163 മീറ്റർ നീളത്തിൽ 1.1 മീറ്റർ വീതിയിൽ കാന പണിത് കാനയുടെ മുകളിൽ സ്ലാബ് ഇടുകയാണ് ചെയ്യേണ്ടത്. എസ്റ്റിമേറ്റ് പ്രകാരം കോൺക്രീറ്റ് സ്ലാബിന്റെ അളവ് 163 x 1.00m x 1.10m x 0.12m = 21.516 M3 ആണ്. ഇതിന് ആവശ്യമായ കമ്പിയുടെ തൂക്കം കണക്കാക്കിയത് 21.52 എം3 x 75/എം3 = 1613.7 കിലോ ആണ്. എം.-ബുക്ക് പ്രകാരം (first part bill) ചെയ്ത കോൺക്രീറ്റ് സ്ലാബിന്റെ അളവ് 50 nos x 0.81m x 0.82m x 0.12m = 3.985 M3 (കണക്കാക്കിയ വാല്യു 3.985m3 x 8965.9/m3 = 35,729) ആണ്. ഇതിന് ആവശ്യമായ കമ്പിയുടെ തുക നൽകിയത് 766.34 കിലോ x 94.69/kg = 72,565/- രൂപയാണ്. എം.-ബുക്ക് പ്രകാരം പ്രവൃത്തി ചെയ്തത് 29.03.2016ലാണ്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. പാർട്ട് ബില്ല് പ്രകാരം പ്രവൃത്തി ആരംഭിച്ച് 1.5 വർഷമായിട്ടും ഇതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.
2. ഈ പ്രവൃത്തി നേരിട്ട് കണ്ട് പരിശോധിച്ചതിൽ ഇവിടെ ഒരു പണിയും ചെയ്തിട്ടില്ല. എന്നാൽ കരാറുകാരന്റെ വീട്ടിൽ എം.-ബുക്കിൽ പറഞ്ഞ പ്രകാരം ( 50 nos x 0.81x0.82x0.12 = 3.985 M3) പ്രീകാസ്റ്റ് സ്ലാബ് നിർമിച്ച് വെച്ചിട്ടുണ്ട്. മാത്രമല്ല എസ്റ്റിമേറ്റ് പ്രകാരം ഒരു മീറ്റർ നീളത്തിലും 1.1 മീറ്റർ വീതിയിലും സ്ലാബ് പണിയേണ്ടതിനു പകരം 0.81 മീറ്റർ നീളത്തിലും 0.82 മീറ്റർ വീതിയിലുമാണ് സ്ലാബ് നിർമിച്ച് വെച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ അളവ് കുറച്ച് സ്ലാബ് നിർമിച്ചതിന്റെ കാരണം വ്യക്തമല്ല.
3. എസ്റ്റിമേറ്റ് പ്രകാരം ഒരു ഘനമീറ്റർ കോൺക്രീറ്റിന് കണക്കാക്കിയ കമ്പിയുടെ തൂക്കം 75 കിലോ ഗ്രാമാണ്. എന്നാൽ എം.-ബുക്ക് പ്രകാരം ഒരു ഘനമീറ്റർ കോൺക്രീറ്റ് 192.3

കിലോ കമ്പി വീതം ഉപയോഗിച്ച് 3.985 M3-ന് 766.34 കിലോ കമ്പിയുടെ വില നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ കമ്പിയുടെ ളുക്കം 299 കിലോ മാത്രമാണ്. ഇത്രയധികം കമ്പി ഉപയോഗിച്ചതിന്റെ കാരണം വ്യക്തമല്ല.
ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ എത്രയും വേഗം പ്രവൃത്തി പൂർത്തിയാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും ഫൈനൽ ബില്ലിൽ നിന്നും കമ്പിവിലയിനത്തിൽ അധികം നൽകിയ തുകയും കാലതാമസത്തിനുള്ള കോമ്പൻസേഷനും (പ്രതിമാസം PACയുടെ 0.1% എന്ന നിരക്കിൽ) ഈടാക്കേണ്ടതാണ് (2012ലെ PWD മാന്വൽ സെക്ഷൻ 2116.1 കാണുക).

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 3,00,000 | നീറുങ്ങൽ പരിപ്പിൻതോട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2,88,890 | 11,110 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 39,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുവന്നവർക്ക് സ്കോളർഷിപ്പ് | 39,000 | 0 |
| ജില്ലാപഞ്ചായത്ത് | 2016-17 | 1,50,000 | ശാരീരികമാനസിക വെല്ലുവിളി നേരിടുവന്നവർക്ക് സ്കോളർഷിപ്പ് | 1,50,000 | 0 |
| ജില്ലാപഞ്ചായത്ത് | 2016-17 | 29,940 | നെൽകൃഷി വികസനം. | 29,940 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 4,23,723 | ശ്രീകൃഷ്ണപുരം പൈപ്പ് ലൈൻ നീട്ടൽ | 0 | 4,23,723 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 4,23,502 | വനിത കുടുംബശ്രീ കാന്റീൻ നിർമ്മാണം രണ്ടാം ഘട്ടം | 0 | 4,23,502 |

.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | | 5,52,590 | 0 | 5,52,590 |
| KWA | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 1,71,997 | 0 | 1,71,997 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേരു് ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക. |
|---|---|---|---|---|---|
| EMS ഭവനപദ്ധതി | GO(MS) 781/2010/ LSGD തീയതി 8/3/2010 | 51,32,350 | 12,73,615 | 3,00,000 | 9,73,615 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 82,662/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:-

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2014-15 | 2-5 | 5,069 | സ്വാറ്റ്സൺ പൈനാടത്ത്, കറുകുറ്റി | 11604106717 തീ. 16.12.2017 |
| 2011-12 | 3-1 | 9,206 | കെ.ഐ.വർഗീസ് | 11604106561 തീ. 7.02.2017 |
| 2011-12 | 3-1 | 31,106 | മേരി എം.എ.,റിട്ടയേർഡ് അസി.എൻജിനിയർ | 117040101162 തീ. 1.07.2017 |
| 2011-12 | 3-3 | 10,080 | മേരി എം.എ.,റിട്ടയേർഡ് അസി.എൻജിനിയർ | 117040101162 തീ. 1.07.2017 |
| 2011-12 | 3-1 | 12,220 | ബൈജുബേബി | 11604106539 തീയ്യതി.6/2/2017 |
| 2011-12 | 3-3 | 14,981 | ബൈജുബേബി | 11604500077 തീയ്യതി.4/2/2017 |
| | ആകെ | 82,662 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,37,35,849 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,71,19,420 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 52,02,311 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 5,000 | --- | രാജൻ.പി.മേനോൻ, സെക്രട്ടറി |
| 3-1 | --- | 1,500 | അജയകുമാർ.സി.കെ.,അസി.സെക്രട്ടറി |
| 3-2 | --- | 11,500 | ശ്രീമതി.രാജി.എസ്.,കൃഷിഓഫീസർ |
| ആകെ | 5,000 | 13,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തടസ്സപ്പെടുത്തിയ | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 13,22,935 | രാജൻ.പി.മേനോൻ, സെക്രട്ടറി |
| 3-4 | 34,60,877 | ശ്രീമതി കെ.ജി ഐ.സി.ഡി.എസ്.സൂപ്പർ വൈസർ |
| 3-5 | 1,00,000 | ഡോ.മേഴ്സി ഗോൺസാൽവസ്സ്,ഹോമിയോ മെഡിക്കൽ ഓഫീസർ |
| 3-6 | 3,18,499 | ഡോ.ബിനോ സേവ്യർ, ആയുർവ്വേദ മെഡിക്കൽ ഓഫീസർ |
| ആകെ | 52,02,311 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രാജി.എസ്. കൃഷി ഓഫീസർ | കൃഷി ഓഫീസർ കറുകുറ്റി ഗ്രാമപഞ്ചായത്ത് | 2A-പൂർണ്ണശ്രീ ഇന്ദിരാനഗർ,കടവന്ത്ര എറണാകുളം-682020 |
| അജയകുമാർ സി.കെ. അസി.സെക്രട്ടറി | അസി.സെക്രട്ടറി മുടക്കുഴ ഗ്രാമപഞ്ചായത്ത് | അജയകുമാർ സി.കെ. s/oചെല്ലപ്പൻ.കെ ഇടയിലത്തറ(h) വിളന്തറ പി.ഒ. ശാസ്താംകോട്ട-690521 |

# 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1997-98 | എൽ.എഫ്.ഇ.പി-4-310/99/05.12.00 |
| 1998-99 | എൽ.എഫ്.ഇ.പി-4-287/99/05.12.00 |
| 1999-00 | എൽ.എഫ്.ഇ-പി-4-36/05/29.08.05 |
| 2000-01 | എൽ.എഫ്.ഇ-പി-4-893/09/12.03.10 |
| 2001-02 | എൽ.എഫ്.ഇ-പി-4-894/09/12.03.10 |
| 2002-03 | എൽ.എഫ്.ഇ-പി-4-895/09/12.03.10 |
| 2003-04 | എൽ.എഫ്.ഇ-പി-4-896/09/12.03.10 |
| 2004-05 | എൽ.എഫ്.ഇ-പി-4-897/09/12.03.10 |
| 2005-06 | എൽ.എഫ്.ഇ-പി-4-898/09/12.03.10 |

| | |
|---|---|
| 2006-07 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 |
| 2007-08 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 |
| 2008-09 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 |
| 2009-10 | എൽ.എഫ്.ഇ-പി-4-1523/12/09.07.12 |
| 2010-11 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 |
| 2011-12 | എൽ.എഫ്.ഇ-പി-4- 19/2014/21.01.14 |
| 2012-13 &2013-14 | എൽ.എഫ്.ഇ-പി-4- 350/15, 21.2.15 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി.4)1174/2016 തീയതി 16/7/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.13)1986/2016 തീയതി 15/12/2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

.

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി13)1521/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 18.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമ

പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ കറുകുറ്റി ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

.

# APPENDIX – I

# AUDIT CERTIFICATE – 2016-17

No.KSA-EKM(P.13)1521/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 18.09.2017

Certified that I have audited the Annual Financial Statement of Karukutty Grama Panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statements of Karukutty Grama Panchayat for the year 2016-17 properly presents the picture of income and expenditure.

Deputy Director